# Deepika

# 20 July 2018

# Thodupuzha, Dam, Water Level, Power Generation



## ജലനിരപ്പ് വർധിച്ചതോടെ കേരളം വൈദ്യുതോത്പാദനം കൂട്ടി

**തൊടുപുഴ:** അണക്കെട്ടുകളിൽ ജലനിരപ്പ് വർധിച്ചതോടെ കേരളം വൈദ്യുതോത്പാദനം പരമാവധി കൂട്ടി. ഇടുക്കി പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിലായിരുന്നു വൈദ്യുതോത്പാദനം കൂടുതൽ. ഇന്നലെ രാവിലെ ഏഴിന് അവസാനിച്ച 24 മണിക്കൂറിൽ 7.001 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇവിടെ ഉത്പാദിപ്പിച്ചു. ബുധനാഴ്ച ഉത്പാദനം 4.16 ലക്ഷം യൂണിറ്റും ചൊവ്വാഴ്ച 2.24 ലക്ഷം യൂണിറ്റുമായിരുന്നു. വൃഷ്ടി പ്രദേശങ്ങളിൽ മഴയുടെ ശക്തി അൽപ്പം കുറഞ്ഞിട്ടുണ്ടെങ്കിലും ഇടുക്കി അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് ശക്തമാണ്. ഇന്നലെ ഒറ്റ ദിവസം കൊണ്ട് 3.24 അടി ഉയർന്ന് ജലനിരപ്പ് 2381.46 അടിയിലെത്തി.